ഒരു തീരുമാനമെടുത്താൽ അത് അംഗീകരിക്കപ്പെടണമെന്നതാണ് അവന്റെ ആഗ്രഹം. ഒരു നിർദേശം വെച്ചാൽ അതിനൊത്ത് ഭാര്യയും കുടുംബവും നീങ്ങണമെന്നാണ്, പുറമെ എന്തു പറഞ്ഞാലും അവന്റെ ഉള്ളിലിരിപ്പ്. മക്കളുടെയും കുടുംബത്തിന്റെയും കൂട്ടുകാരുടെയും മുന്നിൽ താൻ പരിഹാസപാത്രമാകുന്നതോ കൊച്ചാക്കപ്പെടുന്നതോ ഒരു പുരുഷനും ഇഷ്ടപ്പെടില്ല. ഇത്തരം ചെറിയ കാര്യങ്ങളിൽ ശ്രദ്ധിക്കാത്തതിനാലും ഭർത്താവിന് അർഹമായ പരിഗണനയും ആദരവും നൽകാത്തതിനാലും ദാമ്പത്യ ജീവിതം പരാജയപ്പെട്ട് ത്വലാഖിൽ അവസാനിച്ച എത്രയോ ഉദാഹരണങ്ങൾ ചൂണ്ടിക്കാട്ടാനുണ്ട്. പുരുഷന്റെ ഹൃദയം ഇങ്ങനെ കീഴ്പ്പെടുത്തിയാൽ തന്റെ ആവശ്യങ്ങളൊക്കെ സ്ത്രീക്ക് സസന്തോഷം നേടിയെടുത്തുകൂടേ, ഒരു കുസൃതിച്ചിരിയോടെ?

ആറ്, പുരുഷന് അയാളുടെ ശക്തിയും സ്ത്രീ എന്ന നിലക്കുള്ള തന്റെ ദൗർബല്യങ്ങളും ബോധ്യപ്പെടുത്തിക്കൊടുക്കുക. കുട്ടികൾ ജനിക്കുന്നതോടെ ഭർത്താവിനെ മറക്കുന്നതാണ് ചില സ്ത്രീകളുടെയെങ്കിലും സ്വഭാവം. അവളുടെ മുഴു ശ്രദ്ധയും മക്കളിലായിരിക്കും. അപ്പോൾ പുരുഷന് താൻ അവഗണിക്കപ്പെടുകയാണോ എന്ന് തോന്നും. ഒറ്റപ്പെടൽ അനുഭവപ്പെടും. താൻ ദുർബലയാണെന്നും ഭർത്താവിന്റെ ശക്തമായ പിൻബലം ഏത് നേരത്തും തനിക്കാവശ്യമാണെന്നും ഭർത്താവിനെ സ്നേഹബുദ്ധ്യാ ബോധ്യപ്പെടുത്തുന്നതിലാണ് സമർഥയായ ഭാര്യയുടെ കഴിവ്. താൻ ശക്തനും തന്റെ ഭാര്യയുടെ പ്രശ്നങ്ങൾ പരിഹരിക്കാനും ഗാർഹിക കാര്യങ്ങൾ കൈകാര്യം ചെയ്യാനും തന്റെ പിന്തുണ അവൾക്ക് വേണമെന്നും അവളുടെ വർത്തമാനത്തിലൂടെയും പെരുമാറ്റത്തിലൂടെയും അയാൾക്ക് ബോധ്യപ്പെടുമ്പോൾ പൗരുഷത്തിന്റെ അഭിമാനബോധം അയാളിൽ പ്രവർത്തിച്ചുതുടങ്ങുകയും അവർക്കിടയിലെ ബന്ധങ്ങൾ ശക്തി പ്രാപിക്കുകയും ദൃഢത കൈവരിക്കുകയും ചെയ്യും. 'നിങ്ങളില്ലാതെ എനിക്കെന്ത് ജീവിതം! നിങ്ങളില്ലെങ്കിൽ ഞാനും മക്കളും എന്തു ചെയ്യാനാണ്, എന്റെ ജീവിതത്തിന്റെ താങ്ങും തണലുമാണ് നിങ്ങൾ...' തുടങ്ങിയ മധുരോദാരമായ വാക്കുകൾ പുരുഷന്റെ കാതുകളിൽ തേൻമഴയായി പെയ്തിറങ്ങുമ്പോൾ, അതിന്റെ സദ്ഫലങ്ങൾ ഗൃഹാന്തരീക്ഷത്തിൽ നറുനിലാവായി പരിലസിക്കും; പ്രഭ ചൊരിയും. ■

**വിവ: പി.കെ ജമാൽ**

കവിത

# പാവക്കുട്ടി മരിച്ചുപോയി

**› അരുൺ ഗാന്ധിഗ്രാം**



**ബാ**റ്ററി തീരുമ്പോൾ
പുതിയതിട്ട്
മുഷിയുമ്പോൾ
വസ്ത്രം മാറ്റിയുടുപ്പിച്ച്
ഉടലഴുക്കകറ്റാൻ കുളിപ്പിച്ച്
കുറി തൊടീച്ച്
കൊഞ്ചിച്ചു കൂടെക്കൂട്ടിയതാണ്

മരിച്ചുപോയി!

ഇപ്പോളുണ്ട്,
വലംകൈ വേർപെട്ട്
ഇടംകാൽ അറ്റ്
കണ്ണിറുക്കിയടച്ച്
അനക്കമില്ലാതങ്ങനെ
കിടക്കുന്നു.

ആരാണതിനെയിങ്ങനെ
ചിതറിച്ചു കളഞ്ഞത്?

ചിരിക്കണ്ട.
സത്യമായും
അതിനു ജീവനുണ്ടായിരുന്നു
മലർത്തിയിടുമ്പോൾ
കുഞ്ഞുനീലക്കണ്ണടച്ചും
നിവർന്നിരിക്കുമ്പോൾ
ചിലമ്പിച്ചിരിച്ചും
അവളതു തെളിയിച്ചിരുന്നു.

വളർച്ച നിലച്ചുപോയിരുന്നെങ്കിലും
അതിനൊരാത്മാവുണ്ടായിരുന്നു
അതുകൊണ്ടല്ലേ
അവൾ ചിരിക്കാതായപ്പോൾ
ഈ കുരുന്നുകളെല്ലാമിങ്ങനെ
കരയുന്നത്.

എന്നിട്ടവളൊന്നും
മിണ്ടാറില്ലല്ലോ എന്നോ?

മിണ്ടാത്തവരെല്ലാം
ജീവനില്ലാത്തവരാണെന്ന്
നിങ്ങളോടാരാണ് പറഞ്ഞത്?
മിണ്ടാനാവാത്തവർക്ക്
ഒന്നും പറയാനുമുണ്ടാവില്ലെന്ന്
ആരാണ് പഠിപ്പിച്ചത്?


സ്നേഹിതാ,
മരിച്ചവർ ചിരിക്കുന്നത്
എപ്പോഴെങ്കിലും കണ്ടിട്ടുണ്ടോ?
●

അവൻ നിരീക്ഷിച്ചു. ഇതിൽ നിന്ന് ആകാശ മണ്ഡലം ഗോളാകൃതിയിലാണെന്ന് അവൻ ഊഹിച്ചെടുത്തു. സൂര്യനും ചന്ദ്രനും മറ്റു നക്ഷത്രങ്ങളും പടിഞ്ഞാറ് അസ്മതിച്ച ശേഷം കിഴക്ക് നിന്ന് വീണ്ടും ഉദിക്കുന്നത് ഈ വിശ്വാസത്തെ കൂടുതൽ ബലപ്പെടുത്തി. ഉദിക്കുമ്പോഴും ആകാശ മധ്യത്തിലെത്തുമ്പോഴും അസ്തമിക്കുമ്പോഴുമുള്ള അവയുടെ വലിപ്പം ഒന്നാണെന്നതും ഈ ധാരണയെ ശക്തിപ്പെടുത്താൻ കാരണമായി. ആകാശമണ്ഡലം ഗോളാകൃതിയിലല്ല എങ്കിൽ അവ ചില സമയങ്ങളിൽ കണ്ണുകൾക്ക് സമീപസ്ഥവും മറ്റു ചില സമയങ്ങളിൽ കണ്ണുകൾക്ക് വിദൂരസ്ഥവും ആകുമായിരുന്നു എന്നത് നിസ്സംശയമാണ്. അങ്ങനെ അവയുടെ വലിപ്പത്തിലും വ്യത്യാസം കാണപ്പെടുമായിരുന്നു. അടുത്തായിരിക്കുമ്പോൾ വളരെ വലുതായും അകലെയായിരിക്കുമ്പോൾ ചെറുതായും; അവൻ നിൽക്കുന്ന ഇടത്തിൽ നിന്നുള്ള ദൂരം അനുസരിച്ച് അവയുടെ വലിപ്പത്തിലും മാറ്റം സംഭവിക്കുമായിരുന്നു. അങ്ങനെ സംഭവിക്കുന്നില്ല എന്നതിൽനിന്ന് അത് ഗോളാകൃതിയിലാണെന്ന് അവൻ ഉറപ്പിച്ചു.

അനന്തരം ചന്ദ്രന്റെയും ഇതര ഗോളങ്ങളുടെയും ചലനങ്ങളെ പടിഞ്ഞാറ് നിന്ന് കിഴക്കോട്ട് അവൻ നിരീക്ഷിച്ചു. അങ്ങനെ ജ്യോതിശ്ശാസ്ത്രത്തിന്റെ വലിയൊരു ഭാഗം അവൻ പഠിച്ചു. പുറമെ, അവ ഓരോന്നും സഞ്ചരിക്കുന്നത് വ്യത്യസ്തമായ അനേകം ഭ്രമണ മണ്ഡലങ്ങളിലൂടെ ആയിരിക്കണമെന്നും അവയെല്ലാം ഏറ്റവും മുകളിലുള്ള വലിയൊരു ഭ്രമണ മണ്ഡലത്തിൽ ഉള്ളടങ്ങിയിരിക്കുകയാണെന്നും അതാണ് ഒരു രാവും പകലും കൊണ്ട് അവയെ കിഴക്ക് നിന്ന് പടിഞ്ഞാറോട്ട് സഞ്ചരിപ്പിക്കുന്നതെന്നും അവൻ മനസ്സിലാക്കി. എന്നാൽ, ഈ ശാസ്ത്ര ശാഖയിലുള്ള അവന്റെ പുരോഗതിയെക്കുറിച്ച് വിശദീകരിക്കുകയെന്നത് ഏറെ സമയം ആവശ്യമായ ഒരു ജോലിയാണ്. മാത്രമല്ല, ഇപ്പോഴത്തെ നമ്മുടെ ഉദ്ദേശ്യത്തിന് ഇത്രയും വിവരിച്ചത് തന്നെ തികച്ചും മതിയാകുന്നതുമത്രെ.
■

(തുടരും)

കവിത



# എന്താണ്ടീ....

› നൗഷാദ് ബാബു

ഉമ്മറത്ത് ന്ന്
അകത്ത്ക്ക് തല ചായ്ച്ച്
നീട്ടിയൊരു വിളീണ്ട്
ദേവുട്ട്യേ......ന്ന്
ചെലപ്പൊ വടക്കേപൊറത്ത്
നിന്നേര്ന്ന
കാച്ചില് പറിച്ച് പുഴുങ്ങ്യേത്
അല്ലെങ്കീ
മുറ്റത്തെ വരിക്കപ്ലാവിലെ
മുഴുത്തൊരു ചക്കേന്റെ പങ്ക്
പൊതിഞ്ഞ് കെട്ടി കൊണ്ടരും
കുട്ട്യോൾക്ക് കൊടുത്തോട്ടോ
ഇതും പറഞ്ഞ് ഒറ്റ പോക്കാണ്
തിരോണത്തിന്റന്ന്
ഓരെല്ലാം ഞങ്ങടോടെ
സദ്യേം ഉണ്ട്
സൊറേം പറഞ്ഞ്
രാവുംപകലും
അറിയാത്തൊരുത്സവാണ്
ഉപ്പും മൊളും തീർന്നാ
അങ്ങട്ടും ഇങ്ങട്ടും ഒരോട്ടം
അയലക്കത്തിനും
വല്ലാത്തൊരാഴാണ്ടാ
ഓളേം ഇൻറീം വീടിന്റതിര്
ചീമക്കൊന്നന്റെ വേല്യേര്ന്ന്
അതിന്റേടേക്കൂടെ
ഓൾടെ അട്ക്കള എനിക്കും
ഇൻറ അട്ക്കള ഓൾക്കും
നല്ലോം കാണാ
ചീമക്കൊന്ന്യൊക്കെ
വെട്ടി മുറിച്ച് കളയുമ്പോ
എന്തിനാടീന്ന് ഞാൻ ചോയ്ച്ചതാ
ഓളൊന്നും പറഞ്ഞില്ല
ഇപ്പവിടൊര് മതിലായി
ഓരെ മുറ്റത്തെ പ്ലാവിന്റത്ര
വലിപ്പള്ള മതില്
എല്ലാ നോട്ടങ്ങളും
വിളികളും
മതിലില് തട്ടി തിരിച്ച് വരും
ഓണങ്ങളൊര്പാട് കഴിഞ്ഞു
ചക്കീം മാങ്ങീം
മ്മടെ ഗോവിന്ദന്റെ
പെട്ട്യോട്ടർഷേല് അങ്ങാടീല്ക്ക്
കൊണ്ടവാത്രെ
ഓള്ക്കെന്താ പറ്റ്യേത്
എല്ലാ ഉത്തരോം
മതിലാണ്ന്നറിയാം ന്നാലും
തീരെ സയിക്കാണ്ടാവുമ്പോ
നെഞ്ച് പൊട്ടി ഉമ്മറ്ത്ത്ന്ന്
ഞാനൊറക്കെ
വിളിച്ച് പറയും
ടീ ഏല്യാമേ...
എനിക്ക് ചക്കീം വേണ്ട മാങ്ങീം വേണ്ട
ഈ മതിലൊന്ന് പൊളിച്ച് കളയടീ
ഞാൻ നിന്നൊന്ന് കാണട്ടടീ.
●